"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2019 ലെ പ്രളയത്തിൽ സർക്കാർ പ്രഖ്യാപിച്ച അടിയന്തിര ധനസഹായം ശ്രീമതി. നസില എന്നവർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.19/2025/DMD    തീയതി,തിരുവനന്തപുരം, 08-01-2025

---

പരാമർശം:-    മലപ്പുറം ജില്ലാകളക്ടറുടെ 14/11/2024 ലെ DCMPM/647/2024-DM1 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ല ഏറനാട് താലൂക്കിൻ ഊർങ്ങാട്ടിരി വില്ലേജിൽ താമസിക്കുന്ന ശ്രീമതി. നസീല, കാല്ലലകത്ത്, മൂർക്കനാട് എന്നവർക്ക് 2019-ലെ പ്രളയത്തിൽ വീട്ടിൽ വെള്ളം കയറിയതിനുള്ള അടിയന്തിര ധനസഹായമായ 10,000/- രൂപ ലഭിച്ചില്ല എന്ന് കാണിച്ച് CMO പോർട്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, 2019 ലെ പ്രളയത്തെ തുടർന്ന് അപേക്ഷകയും കുടുംബവും മൂർക്കനാട് ജി.യു.പി സ്കൂളിലെ പ്രളയ ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിരുന്നുവെന്നും, വാർഡ് 13-ൽ കിറ്റ് വിതരണം ചെയ്തിട്ടുള്ള ലിസ്റ്റിൽ ടിയാരിയുടെ ഭർത്താവായ ശ്രീ.ഷൗക്കത്തലി എന്നവരുടെ പേര് ഉൾപ്പെട്ടിട്ടുള്ളതായും എന്നാൽ ക്യാമ്പിലെ അംഗങ്ങൾക്ക് 10,000/- രൂപ വീതം വിതരണം ചെയ്തിട്ടുള്ള ഉപഭോക്തൃ ലിസ്റ്റിൽ ടിയാരിയുടെയോ ഭർത്താവിന്റെയോ പേര് ഉൾപ്പെട്ടതായി കാണുന്നില്ല എന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാരിക്ക് പ്രളയത്തിൽ വീട്ടിൽ വെള്ളം കയറിയതിനുള്ള അടിയന്തിര ധനസഹായം ലഭ്യമായിട്ടില്ല എന്നും മേൽ സാഹചര്യത്തിൽ 2019 ലെ പ്രളയത്തിൽ വീട്ടിൽ വെള്ളം കയറിയതിനുള്ള ധനസഹായം ശ്രീമതി. നസില എന്നവർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മലപ്പുറം ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ലെ പ്രളയത്തിൽ വീട്ടിൽ വെള്ളം കയറിയതിനുള്ള അടിയന്തിര ധനസഹായമായ 10,000/- രൂപ ശ്രീമതി. നസില എന്നവർക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ ധനസഹായം 2245-02-101-98 F-Food and clothing എന്ന ശീർഷകത്തിൽ നിന്ന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് (A/C No-67173864466, IFSC-SBIN0070454 ) അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡീഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 09-01-2025 10:31:28**
സെക്ഷൻ ഓഫീസർ